# അദ്ധ്യായം - 37



## ചാവടിയിലേക്കുള്ള എഴുന്നള്ളിപ്പ്

സായിബാബയുടെ ദിനചര്യകളും ജീവിതവും അനുഗ്രഹീതങ്ങളാണ്. ബാബയുടെ മാർഗ്ഗങ്ങളും കർമ്മങ്ങളും അവർണ്ണനീയങ്ങളാണ്. ചിലപ്പോൾ ബ്രഹ്മാനന്ദം കൊണ്ട് ലഹരിപിടിച്ചപ്പോലെ കാണും. മറ്റ് ചിലപ്പോൾ ആത്മജ്ഞാനം കൊണ്ട് സംതൃപ്തനായിക്കാണും. പലപ്പോഴും പലതും ചെയ്യുമെങ്കിലും അതിലൊന്നും ശ്രദ്ധവാനായിരിക്കില്ല. പലപ്പോഴും നിഷ്കർമ്മനായി കാണുമെങ്കിലും ഒരിക്കലും വെറുതെ ഇരിക്കില്ല. എപ്പോഴും ആത്മനിൽ മുഴുകിയിരിക്കും. തിരയില്ലാത്ത കടൽപോലെ ശാന്തനായി കാണുമെങ്കിലും ബാബ അഗാധമായ ആഴത്തിലായിരിക്കും. ആർക്കാണ് ആ പ്രത്യേക സ്വഭാവത്തെ വർണ്ണിക്കാൻ കഴിയുക? പുരുഷന്മാരെ ബാബ സഹോദരന്മാരായും സ്ത്രീകളെ സഹോദരിമാരായും അമ്മമാരായും കണ്ടു. ബാബ ഒരു തികഞ്ഞ നിത്യ ബ്രഹ്മചാരി യാണെന്ന് എല്ലാവർക്കും അറിയാം. ബാബ സംസർഗ്ഗത്താൽ സംജാതമായ വിജ്ഞാനം നമുക്ക് മരണം വരെ നിലനിൽക്കട്ടെ. നമുക്ക് ബാബയെ എല്ലാ ജീവജാലങ്ങളിലും ദർശിച്ച് ബാബ

യുടെ നാമം എന്നും പ്രേമാദരങ്ങളോടെ സ്മരിക്കുക.

**ചാവടി എഴുന്നള്ളിപ്പ്**

ബാബയുടെ ആവാസസ്ഥാനങ്ങളെ മുമ്പു വിവരിച്ചിട്ടുണ്ടല്ലോ. ഒരു രാത്രി മസ്ജിദ്ദിലും അടുത്ത രാത്രി ചാവടിയിലുമാണ് ബാബ ഉറങ്ങുക. (ചാവടി മസ്ജിദ്ദിനടുത്തുള്ള രണ്ടു മുറികൾ മാത്രമുള്ള ഒരു പൊതുകെട്ടിടമാണ്). ഈ ഒന്നിടവിട്ട് മാറിമാറിയുള്ള ഉറക്കം, ബാബയുടെ മഹാസമാധിവരെ തുടർന്നുകൊണ്ടിരുന്നു. 1909 ഡിസംബർ മാസം 10 മുതൽ ഭക്തന്മാർ ബാബയെ ചാവടിയിൽവെച്ച് സ്ഥിരമായി ആരാധിക്കാൻ തുടങ്ങി. ഇത് നമുക്ക്, ബാബയുടെ അനുഗ്രഹത്താൽ ഇവിടെ വിവരിക്കാം. ചാവടിയിലേക്കു പോകാനുള്ള സമയമടുക്കുമ്പോൾ, ഭക്തന്മാർ മസ്ജിദ്ദിൽ തടിച്ചുകൂടി മുറ്റത്തിരുന്ന് ഭജന നടത്തും. അവരുടെ പിറകെ അലങ്കരിച്ച ഒരു രഥമുണ്ടായിരിക്കും. വലതുഭാഗത്ത് ഒരു തുളസിവൃന്ദാവനമാണ്. മുന്നിൽ ബാബയും ഇവക്ക് മദ്ധ്യത്തിൽ ഭജനനടത്തുന്ന ഭക്തന്മാരും. ഭജന ഇഷ്ടപ്പെടുന്ന സ്ത്രീകളും പുരുഷന്മാരും സമയത്തിനെത്തിച്ചേരും. പലരും താളം, ചപ്ലാം കട്ട, എലത്താളം, മൃദംഗം, ഗഞ്ചിറ, ഘോൾ മുതലായ വാദ്യോപകരണങ്ങൾ എടുത്തിരിക്കും. എന്നിട്ടാണ് ഭജന നടത്തുക. ഈ ഭക്തന്മാരെ മുഴുവൻ ആകർഷിച്ചുകൊണ്ടുവന്ന കാന്തശക്തിയാണ് സായിബാബ. പുറമെ ചിലർ തീവെട്ടികൾ ശരിപ്പെടുത്തും. ചിലർ പല്ലക്ക് അലങ്കരിക്കും. ചിലർ ചൂരൽവടികൾ കയ്യിൽവെച്ച് സായി ബാബ കീ ജയ് എന്നു വിളിക്കും അവിടെ മുഴുവൻ അലങ്കരിച്ചിരിക്കും. മസ്ജിദ്ദിനു ചുറ്റും വിളക്കുകൾ കത്തിക്കും. ബാബയുടെ കുതിര ശ്യാമകർണ്ണനെ നന്നായലങ്കരിച്ച് മുന്നിൽ നിർത്തും. അപ്പോൾ താത്ത്യാ പട്ടേൽ ഒരു സംഘം ആളുകളുമായി വന്ന്, ബാബയോട് തയ്യാറാവാൻ പറയും. താത്ത്യാപട്ടേൽ വന്ന് ബാബയെ കൈ

പിടിച്ച് എഴുന്നേൽപ്പിക്കുന്നതുവരെ ബാബ ശാന്തനായി അവിടെ ഇരിക്കും. താത്ത്യാ ബാബയെ 'മാമ' എന്നാണ് വിളിക്കുക. അവരുടെ ബന്ധം അത്രമാത്രം അടുത്തതായിരുന്നു. ബാബ കഫ്നി ധരിച്ച്, സത്ക കയ്യിലെടുത്ത്, ചിലിം പൈപ്പും പുകയിലയുമെടുത്ത് ചുമലിൽ ഒരു വസ്ത്രവുമിട്ട് തയ്യാറാവും. അപ്പോൾ താത്ത്യാ സ്വർണ്ണവർണ്ണത്തിലുള്ള ഒരു വിശേഷപ്പെട്ട ഷാൾ ബാബയുടെ ദേഹത്തിൽ ഇട്ടുകൊടുക്കും. അതിന്നുശേഷം ബാബ തന്റെ അടുത്തുള്ള വിറകുകെട്ട് വലതുകാൽകൊണ്ട് നീക്കിവെച്ച് കത്തിച്ചുകൊണ്ടിരിക്കുന്ന വിളക്ക് വലതു കൈകൊണ്ട് കെടുത്തി ചാവടിക്ക് പുറപ്പെടുന്നു. എല്ലാ വാദ്യോപകരണങ്ങളും ചെണ്ട, ബേന്റ്, കുഴല്, മൃദംഗം മുതലായ അവയുടെ പലതരം ധ്വനികൾ മുഴക്കുകയായി. കരിമരുന്ന് പണികളെക്കൊണ്ട് വർണ്ണോജ്വലമായ അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നു. സ്ത്രീകളും പുരുഷന്മാരും സംഗീതോ പകരണങ്ങളോടുകൂടി ബാബയുടെ ഭജന പാടികൊണ്ട് നീങ്ങുന്നു. ചിലർ ആനന്ദംകൊണ്ട് നൃത്തം വെക്കുന്നു ചിലർകൊടിക്കൂറകളും മറ്റും പിടിക്കുന്നു. ദൽദാരന്മാർ, ബാബ ഒതുക്കിന്മേൽ കാൽ വെക്കുന്നതോടുകൂടി ബാബയുടെ ഇരുവശത്തും വെൺചാമരം പിടിച്ച് നിന്ന് അവർ ബാബയെ വീശിക്കൊടുക്കുന്നു. ഭക്തന്മാർ കൈപിടിച്ചുകൊണ്ടു, വെള്ളവിരിച്ച പാതയിലൂടെ ബാബ മന്ദം മന്ദം നടക്കുന്നു. താത്ത്യാ ഇടതുകൈയ്യും മഹൽസാപതി വലതുകയ്യും പിടിക്കുന്നു. ബാപ്പു സാഹേബ്ജോഗ് വെൺകൊറ്റകുട പിടിക്കുന്നു. ഈ വിധത്തിൽ ബാബ ചാവടിക്ക് എഴുന്നള്ളു ന്നു. പരിപൂർണ്ണമായി അലങ്കരിക്കപ്പെട്ട ശ്യാമകർണ്ണൻ എന്ന കുതിര വഴികാട്ടിയായി മുന്നിലും, അതിന് പുറകെ സേവകന്മാരും വാദ്യക്കാരും ഭക്തന്മാരും മററും നടക്കുന്നു. സംഗീതോപകരണങ്ങളുടെ ശ്രുതിക്കനുസരിച്ച് ഹരിനാമവും

സായിനാമവും മധുരമധുരമായി പാടുന്നു. ഇങ്ങനെ ഘോഷയാത്ര ചാവടിയുടെ മൂലവരെ പോകുമ്പോഴേക്കും സർവ്വജനങ്ങളും അത്യന്തം സന്തുഷ്ടരായിത്തീരുന്നു.

മസ്ജിദിന്റെ ഒരു മൂലക്കലെത്തുമ്പോൾ ബാബ ചാവടിക്കഭിമുഖമായി നിൽക്കുന്നു. അന്നേരം ഒരു അഭൗമമായ പ്രഭാമണ്ഡലം ബാബയെ ആവരണം ചെയ്തതായി കാണാം. ബാബയുടെ മുഖം പ്രഭാതസൂര്യനെപ്പോലെ വിളങ്ങുന്നുണ്ടാവും. ബാബ വടക്കോട്ട് തിരിഞ്ഞ് ധ്യാനനിരതനായി ആരെയോ വിളിക്കുന്ന മാതിരി നില്ക്കും. ബാബ, വലംകൈ മേലോട്ടും കീഴോട്ടും കുറച്ചുനേരം തുടർച്ചയായി വീശുമ്പോൾ എല്ലാ വാദ്യോപകരണങ്ങളും മധുരസ്വരം പൊഴിക്കും. അന്നേരം കാക്കാസാഹെബ് ദീക്ഷിത് ചുവന്ന കുങ്കുമം പുരണ്ട കുറെ പുഷ്പങ്ങൾ ഒരു തട്ടിൽ വെച്ച് കൊണ്ട് വന്ന് ഇടക്കിടക്ക് ബാബയുടെ ദേഹത്തിൽ അർപ്പിക്കും. അന്നേരം സംഗീതോ പകരണങ്ങൾ വളരെ നന്നായി വായിക്കുന്നുണ്ടാവും. ബാബ, ശോഭകൊണ്ട് വിളങ്ങിക്കൊണ്ടിരിക്കും. എല്ലാവരും ആനന്ദ ത്തോടെ ഈ പ്രഭാ പൂരം കണ്ടാസ്വദിക്കും. ഈ അവസര ത്തിലെ മാഹാത്മ്യവും ഗാംഭീര്യവും വിവരിക്കാൻ വാക്കുകളുണ്ടാവില്ല. ഇടക്ക്, മഹൽസാപതി ദൈവാവേശം കയറി നൃത്തം വെക്കുന്നുണ്ടാവും. പക്ഷെ ബാബയുടെ ധ്യാനത്തിന് ഒരിളക്കവും വരുന്നില്ലെന്ന് കണ്ട് എല്ലാവരും അതിശയിച്ചുപ്പോവും. ഒരു റാന്തലുമായി താത്ത്യാപട്ടേൽ ബാബയുടെ ഇടത്തുഭാഗത്തും, മഹൽസാപതി വലത്തു ഭാഗത്തും ബാബയുടെ ഉടുപ്പിന്റെ തലപിടിച്ചുകൊണ്ട് നടക്കും. എന്തൊരു സുന്ദരമായ ഘോഷയാത്ര! എന്തൊരു ഭക്തിപ്രകടനം ഇതു കാണാൻ സ്ത്രീകളും പുരുഷന്മാരും ധനികരും ദരിദ്രരും എല്ലാവരും തടിച്ചുകൂടും. ബാബ വളരെ സാവാധാനമേ നടക്കൂ. ഭക്തന്മാർ പ്രേമാദരഭക്തിയോട് കൂടി ഇരുവശത്തുമായി

അനുഗമിക്കുന്നു. ഇങ്ങിനെ ആനന്ദം നിറഞ്ഞു വഴിയുന്ന അന്തരീക്ഷത്തിൽ ഘോഷയാത്ര ചാവിടിയിലെത്തുന്നു. അന്നത്തെ കാഴ്ചകളും ആ കാലവും ഇന്ന് പോയ്മറഞ്ഞു. ആർക്കും അത് ഇപ്പോളോ മേലാലോ കാണാൻ കിട്ടില്ല. എങ്കിലും ആ രംഗം മനസ്സിൽ വിഭാവനം ചെയ്തു നമുക്ക് മനശ്ശാന്തിയും സമാധാനവും തേടാം.

ചാവടിയും, ഒരു വെള്ളമേലാപ്പും കണ്ണാടികളും ദീപങ്ങളും കൊണ്ടലങ്കരിച്ചിരിക്കും. അവിടെ എത്തുമ്പോൾ താത്ത്യാ മുന്നിൽ പോയി ഒരു ആസനം ഒരുക്കി ഒരു കുഷ്യൻ വെച്ചു ചാരിയിരിക്കാൻ തയ്യാറാക്കും. ബാബ അവിടെ ഇരിക്കുമ്പോൾ ഒരു നല്ല കോട്ട് ധരിപ്പിക്കും. അപ്പോൾ ഭക്തന്മാർ ബാബയെ പലതരത്തിലും ആരാധിക്കും. അവർ ബാബയ്ക്ക് ഒരു കീരിടം ധരിപ്പിച്ച് മാലചാർത്തി ചന്ദനംകൊണ്ട് വൈഷ്ണവന്മാരെപ്പോലെ മുഗ്ഗോപി തൊടുവിപ്പിച്ച് തൃപ്തിയാവോളം നോക്കിയിരിക്കും. അവർ കിരീടം ഇടക്കിടക്ക് മാറിമാറിവെച്ച്, ബാബ അതെടുത്ത് ദൂരെക്കെറിയുമോ എന്ന് ഭയന്ന്, പിടിച്ചുകൊണ്ട് നില്ക്കും. ബാബ അവരുടെ ഹൃദയശുദ്ധി അറിഞ്ഞ് ഇതെല്ലാം ചെയ്യുന്നതിൽ നിന്ന് അവരെ വിലക്കാതെ വിനയത്തോടുകൂടി ഇരിക്കും. ഈ വക അലങ്കാരങ്ങളാൽ സായിബാബ അത്യധികം മനോഹരനായിത്തീരും.

നാനാസാഹെബ് നിമോൻകാർ, അലംകൃതവും മകുടത്തോടും അലുക്കുകളോടും കൂടിയതുമായ ഒരു വെൺകൊറ്റകുട അദ്ദേഹത്തിന് പിടിച്ചുകൊടുക്കും. ബാപ്പുസാഹെബ് ജോഗ്, ബാബയുടെ പാദങ്ങൾ കഴുകിച്ച് അർഘ്യം കൊടുക്കുകയും കൈകളിൽ ചന്ദനം പൂശുകയും താമ്പൂലം കൊടുക്കുകയും ചെയ്യുമ്പോൾ ബാബ ആസനത്തിൽ തന്നെ ഇരിക്കയും താത്ത്യയും മറ്റു ഭക്തന്മാരും ബാബയുടെ കാല്ക്കൽ നമസ്കരിക്കുകയും ചെയ്യും. ബാബ ആസനസ്ഥ നായി കുഷ്യനിൽ ചാരിയിരിക്കുമ്പോൾ ഭക്തന്മാർ ചാമരം

വീശിക്കൊടുക്കും. ശാമ ചിലിം തയ്യാർ ചെയ്ത് താത്ത്യക്കു കൊടുക്കുമ്പോൾ താത്ത്യ ഒരു പുകവലിച്ച് ബാബക്ക് കൊടുക്കും. ബാബ ഒരു പുകവലിച്ച് മഹൽസാപതിക്ക് കൊടുക്കു. അങ്ങിനെ അത് എല്ലാവർക്കും എത്തിച്ചുകൊടുക്കും. ആ ചിലിം അനുഗ്രഹീതമാണ്. ആദ്യം അതിന് കുംഭകാരന്റെ ചവിട്ടു മുതലായ തേല്ക്കുന്നു. വെയിലിലും തീയിലും ചുടുന്നു. ആ തപശ്ചര്യക്കു ശേഷം അതിന് ബാബയുടെ കരങ്ങളുടെയും ചുണ്ടുകളുടെയും സ്പർശനമേൽക്കാൻ കഴിഞ്ഞിരിക്കുന്നു. ഇതിന്നുശേഷം ഭക്തന്മാർ ബാബയെ ഹാരമണിയിച്ച് വാസനദ്രവ്യങ്ങളും വാസനിക്കാൻ പൂക്കളും അർപ്പിക്കുന്നു. തികച്ചും നിസ്സംഗത്തിന്റെ മൂർത്തിമത് പ്രഭാവമായ ബാബക്ക് മാലയിലും ആഭരണങ്ങളിലും യാതൊരു ശ്രദ്ധയുമില്ലെങ്കിലും ഭക്തന്മാരുടെ ഇംഗിതത്തിനു വഴങ്ങി അവർ എന്തു ചെയ്യുന്നതും സ്വീകരിക്കുക മാത്രമാണ്. ഒടുവിൽ വാദ്യസംഗീത ത്തോടൊപ്പം എല്ലാ ചടങ്ങുകളോടും കൂടി ബാപ്പു സാഹെബ് ജോഗ്, ബാബക്ക് ആരതി കാണിക്കുന്നു. ഈ ആരതിക്കുശേഷം ഭക്തന്മാർ ഓരോരുത്തരായി ബാബയെ നമസ്കരിച്ച് അനുവാദം വാങ്ങി മടങ്ങിപ്പോകും. താത്ത്യസാഹെബ് ചിലിം അത്തർ, പനിനീർ മുതലായവകൊണ്ടുപചരിച്ച് പോകാൻ ഒരുങ്ങിയാൽ ബാബ പറയും 'എന്നെ കാവൽ നില്കണം നിനക്കുവേണ മെങ്കിൽ പോകാം. പക്ഷെ രാത്രിയിൽ എപ്പോഴെങ്കിലും ഇവിടെ വന്ന് എന്റെ കാര്യം അന്വേഷിക്കണം' അങ്ങിനെ ചെയ്തോള മാമെന്ന് പറഞ്ഞ് താത്ത്യ ചാവടിവിട്ട് വീട്ടിലേക്കു പോകും. പിന്നെ ബാബ തന്നെ വിരിപ്പു തയ്യാറാക്കും. അമ്പതറുപത് വെള്ളവിരികൾ മേല്ക്കുമേൽ വിരിച്ചതിൽ ബാബ കിടന്നു വിശ്രമിക്കും.നമുക്കും ഈ അദ്ധ്യായം അവസാനിപ്പിച്ച് വിശ്രമമെടുക്കാം. വായനക്കാർ നിത്യവും ഉറങ്ങുന്നതിനു മുമ്പായി സായിബാബയെയും ചാവടിഘോഷ യാത്രയും സ്മരിക്കണമെന്ന് അപേക്ഷിക്കുന്നു.

ശ്രീ സായിയെ നമിക്കുവിൻ – ലോകശാന്തി ഭവിക്കട്ടെ!